# സമത്വ സുന്ദര ഭരണജ്ഞാനം  നീണാൾ വാഴട്ടെ

എന്റെ ഗ്രാമപഞ്ചായത്തിനു വേണ്ടിയുള്ള ഈ ഭരണസമിതിയുടെ രണ്ടാമത്തെ വാർഷിക ബഡ്ജറ്റായ 2022--23 വർഷത്തെ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് എന്നെ പ്രാപ്തനാക്കിയ സർവ്വേശ്വരനും, എല്ലാ പിന്തുണയും തന്ന് കൂടെ നിൽക്കുന്ന എല്ലാ സഹ ജനപ്രതിനിധികൾക്കും ജീവനക്കാർക്കും അകൈതവമായ നന്ദി പ്രകാശിപ്പിച്ചുകൊണ്ട് എന്റെ ഉദ്യമത്തിലേയ്ക്ക് നിങ്ങളുടെ അനുവാദത്തോടെ പ്രവേശിക്കുന്നു.

ഒന്ന് ആഴത്തിൽ ചിന്തിച്ചാൽ പണപ്പിശാചിനെ മെരുക്കി ക്രിയാത്മക ഫലമുണ്ടാക്കുന്ന മാന്ത്രിക വിദ്യയാണ് ബഡ്ജറ്റ്. ആശയങ്ങൾ നടപ്പിലാക്കാനുള്ള ആർജ്ജവത്വത്തിന്റേയും ഭാവനയുടേയും മിശ്രിതത്തിൽ പണമെന്ന രാസത്വരകത്തെ യാഥാർത്ഥ്യ ബോധത്തോടെ നിക്ഷേപിച്ചാൽ ലഭിക്കുന്ന ഫലത്തെ പ്രവചനസ്വഭാവത്തോടെ അവതരിപ്പിക്കുന്നതാണ് ബഡ്ജറ്റ്.  ഇത്  പെട്ടിയിലടച്ച ഭൂതത്തെ തുറന്നു വിടുന്ന സുന്ദര നിമിഷമാണ്.

ചെറിയൊരു ബോധ്യം പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുകയാണ്.
പണം പോലെ പര്യായ പദങ്ങളുള്ള ഒരു വാക്കുണ്ടോ ?

***ദേവാലയങ്ങളിൽ അത് കാണിക്ക***

***സ്കൂളിൽ അത് ഫീസ്***

***വിവാഹത്തിൽ അത് സ്ത്രീധനം***

***വിവാഹമോചനത്തിൽ അത് ജീവനാംശം***

***അപകടത്തിൽ അത് നഷ്ടപരിഹാരം***

***ദരിദ്രന് കൊടുത്താൽ അത് ഭിക്ഷ***

***തിരിച്ചു തരണമെന്ന് പറഞ്ഞാൽ അത് കടം***

***പാർട്ടിക്കാരന് പ്രാകികൊണ്ട് കൊടുത്താൽ അത് പിരിവ്***

***അനാഥാലയത്തിലാണെങ്കിൽ സംഭാവന***

***കോടതിയിൽ പിഴ***

***സർക്കാരെടുത്താൽ നികുതി***

***ജോലിക്കാരനാണെങ്കിൽ ശമ്പളം***

***വിരമിച്ചാലോ അത് പെൻഷൻ***

***ലോണെടുത്താൽ അത് വായ്പ***

***നിയവിരുദ്ധമായാൽ അത് കൈക്കൂലി***

***ആചാര്യന് കൊടുത്താൽ ദക്ഷിണ***

***ഹോട്ടലിലെ വെയ്റ്റർക്ക് അത് ടിപ്പ്***

***സന്തോഷത്തോടെ ദാനം ചെയ്താൽ അത് ഔദാര്യം***

***തട്ടിക്കൊണ്ടു പോകുന്നവർക്ക് അത് മോചനദ്രവ്യം***

ഇത്രയും വിളിപ്പേരുള്ള ഇത്രയും കുഴപ്പം പിടിച്ച ഒരു വസ്തു ഭൂമിയിൽ വേറെയുണ്ടോ. ഇനിയതില്ലെങ്കിലോ പരമ്പാരഗത വാമൊഴി അറിയാമല്ലോ പണമില്ലെങ്കിൽ പിണം. ഇതിനെ മെരുക്കി നിർത്തി 2022--23 വർഷം എങ്ങനെ ജനോപകാരപ്രദമാക്കുവാൻ സാധിക്കുമെന്നാണ് ഈ ബഡ്ജറ്റിലൂടെ ചിന്തിക്കുന്നത്.

ഇതിനു മുന്നോടിയായി 2022--23 വർഷത്തിൽ കേരള സർക്കാർ ബഡ്ജറ്റിൽ ഈ പഞ്ചായത്തിന് അനുവദിച്ചിരിക്കുന്ന തുകയും നമ്മളൊന്ന് മനസ്സിലാക്കേണ്ടതാണ്.

| ക്രമ നമ്പർ | ഫണ്ടിന്റെ പേര് | തുക |
|---|---|---|
| 1 | വികസന ഫണ്ട് –സാധാരണ വിഹിതം | 40,52,000/ |
| 2 | സി.എഫ്.സി. ബേസിക് ഗ്രാന്റ് | |

| | | |
|---|---|---|
| | | 19,60,000/ |
| 3 | സി.എഫ്.സി. ടൈഡ് ഗ്രാന്റ് | 29,39,000/ |
| 4 | പ്രത്യേക ഘടക പദ്ധതി (പട്ടികജാതി വികസനം) | 5,69,000/ |
| 5 | പട്ടിക വർഗ്ഗ ഉപപദ്ധതി | 0 |
| 6 | പരമ്പരാഗത ചുമതല ഫണ്ട് | 26,44,000/ |
| 7 | സംരക്ഷണ ചിലവ് റോഡിനം | 1,18,80,000/ |
| 8 | സംരക്ഷണ ചിലവ് റോഡിതരഇനം | 34,46,000/ |

(കേരളസർക്കാരിന്റെ 2022-23 ബഡ്ജറ്റിലെ പ്രത്യേക നോട്ട് പ്രകാരം ക്രമ നമ്പർ 1,2,3, 4,6 എന്നിവയ്ക്കായി നിലവിൽ ആകെ ലഭ്യമാകുന്ന തുകയുടെ 1/3 മാത്രമേ നിലവിൽ അനുവദിച്ചിട്ടുള്ളു എന്നും 2/3 ഭാഗം പിന്നീട് മാത്രമേ അനുവദിക്കുകയുള്ളു എന്നുള്ള വിവരവും അറിയിച്ചിട്ടുണ്ട്. ക്രമനമ്പർ 7,8 എന്നിവയ്ക്ക് കൂടുതൽ തുക ഉണ്ടാകുന്നതല്ല. ക്രമനമ്പർ 5 നും തുടർന്ന് തുക ലഭിക്കുന്നതല്ല.)

ഇനി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബഡ്ജറ്റ് രൂപീകരണത്തിന്റെ അടിസ്ഥാനമെന്തെന്ന് നമ്മളൊന്ന് മനസ്സിലാക്കണം. ഒമ്പതാം പഞ്ചവത്സരപദ്ധതി മുതൽ സംസ്ഥാന പദ്ധതി അടങ്കലിൽ നിന്നും ഒരു വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനാൽ സമ്പൂർണ്ണ വിഭവ സമാഹരണം ഫലപ്രദമായ വിഭവ വിനിയോഗം, യാഥാർത്ഥ്യത്തിലൂന്നിയ ബഡ്ജറ്റ്, കൃത്യവും സമയബന്ധിതവുമായ അക്കൌണ്ടിംഗ് എന്നീ അടിസ്ഥാന ശിലകളിലൂന്നിയ ധനമാനേജ്മെന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നല്ല നടത്തിപ്പിന് അത്യാവശ്യമാണ്. ഇതിന്റെ അക്കൌണ്ടബിലിറ്റിയും സുതാര്യതയും വർദ്ധിക്കുന്നത് ഗ്രാമസഭ,

സോഷ്യൽ ഓഡിറ്റിംഗ്, ജന്റർ ബഡ്ജറ്റിംഗ് എന്നിവയിലൂടെയാണ്. ഇതിന്റെ പൂർണ്ണതയും ജനകീയാസൂത്രണത്തിന്റെ വിജയവും ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെയാണ്.

സർക്കാരിൽ നിന്നു ലഭിക്കുന്ന ഫണ്ടുകൾക്കു പുറമേ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ മറ്റ് ധനാഗമ മാർഗ്ഗങ്ങളാണ് നികുതികൾ, ഫീസുകൾ, വാടകകൾ എന്നിവ. ഇവ പിരിച്ചെടുക്കുന്നതിന് തടസ്സം നിൽക്കുന്നത് മൂന്ന് **ജ**--കളിൽ ആരായാലും -- **ജ**നമായാലും **ജീ**വനക്കാരായാലും **ജ**നപ്രതിനിധികളായാലും-- ധനാഗമമാർഗ്ഗത്തിൽ കല്ലിടുന്ന ഇവർ വികസ വിരോധികളായതിനാൽ ഇവരെ serpent in egg – മുട്ടയ്ക്കുള്ളിലെ അണലി എന്നുമാത്രമേ വിശേഷിപ്പിക്കുവാൻ സാധിക്കുകയുള്ളു.

ഇനി ബഡ്ജറ്റിൽ വിഭാവനം ചെയ്യുന്ന പ്രവർത്തികൾ നടപ്പിൽ വരുത്തുവാൻ ധന ലഭ്യതയുടെ കുറവുണ്ടെങ്കിൽ **ബോട്ട് (BOT)ബൂട്ട് (BOOT)ബോൾട്ട് (BOLT)** എന്നിവയെക്കുറിച്ച് ചിന്തിക്കണം. എന്താണ് ഇവയുടെ പൊതുസ്വഭാവം? തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ ഫണ്ട് ഉപയോഗിക്കാതെ താല്പര്യമുള്ള വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ പദ്ധതി ഏൽപ്പിച്ചുകൊടുത്ത്, പദ്ധതി പൂർത്തീകരിച്ചതിന് ശേഷം നിശ്ചിത കാലത്തേയ്ക്ക് വരുമാനം തിരിച്ചെടുത്ത് തദ്ദേശ സ്വയഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലേയ്ക്ക് തിരികെ നൽകുന്ന വ്യവസ്ഥകളാണ് ഇതിൽ ഉൾക്കൊള്ളുന്നത്. ആശുപത്രി, സ്കൂൾ, ഷോപ്പിംങ് കോംപ്ലക്സ്, റോഡ് എന്നിവയുടെ നിർമ്മാണത്തിനും ആധുനിക രീതിയിലുള്ള നവീകരണത്തിനും ഈ രീതി അവലംബിക്കാവുന്നതാണ്. ധനസ്രോതസ്സ് കുറവാണെങ്കിൽ സ്റ്റേക്ക് ഹോൾഡർമാരായ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് പദ്ധതി നടപ്പിലാക്കാവുന്നതാണ്.

കാലഘട്ടം ആവശ്യപ്പെടുന്ന അനിവാര്യതയാണെന്ന് ബോധ്യപ്പെടുന്നതിനാൽ ഈ ഭരണസമിതി മുമ്പാകെ ഒരു പുതിയ ധനാഗമമാർഗ്ഗം മുമ്പോട്ട് വയ്ക്കുകയാണ്. പ്രകൃതി ദുരന്തങ്ങളുടേയും

പകർച്ചവ്യാധികളുടേയും ഭയപ്പെടുത്തുന്ന അന്തരീക്ഷവും അതിന്റെ ഫലമായുണ്ടാകുന്ന ജീവൻ വറ്റിയ മ്ലാനവദനങ്ങളും ഇന്നിന്റെ കരളലിയിക്കുന്ന നേർക്കാഴ്ചകളാണ്. കേരള പഞ്ചായത്തീരാജ് ആക്റ്റ് പ്രകാരം സെക്ഷൻ 203 ൽ നടത്തിയിട്ടുള്ള ഭേദഗതി പ്രകാരം വസ്തു നികുതി ചുമത്തപ്പെടുന്ന എല്ലാ കെട്ടിടങ്ങൾക്കും ഏതെങ്കിലും പദ്ധതിക്കോ പ്രോജക്ടിനോ പ്ലാനിനോ വേണ്ടി വസ്തുനികുതിയുടെ 5 ശതമാനം വരെ സർചാർജ്ജ് ഈടാക്കാവുന്നതാണ്. എല്ലാ നോൺ റെസിഡൻഷ്യൽ ബിൽഡിംഗുകൾക്കും അതിന്റെ വരുമാനത്തിന്റെ തോത് അനുസരിച്ചും 1500രൂപയ്ക്ക് മുകളിൽ നികുതിയുള്ള എല്ലാ താമസ വീടുകൾക്കും അടിസ്ഥാന നികുതിയുടെ അഞ്ച് ശതമാനം വരെ സർചാർജ്ജും ഏർപ്പെടുത്തി ലഭിക്കുന്ന തുക അനാഥത്വത്തിന്റെന്റേയും വാർദ്ധ്യകത്തിന്റേയും വൈധവ്യത്തിന്റേയും ഉമിത്തീയിൽ വെന്തുരുകുന്ന ജീവനുകൾക്ക് കൈത്താങ്ങാകാവുന്ന പദ്ധതികൾക്ക് രൂപം നൽകാവുന്നതാണ്.

ഇതൊടൊപ്പം തന്നെ നമ്മൾ കേട്ടിട്ടുള്ളതും എന്നാൽ അത്ര പരിചയച്ചിട്ടില്ലാത്തതുമായ ജന്റർ ബഡ്ജറ്റിംങിനേക്കുറിച്ചും ഒരു വാക്ക്. കൃത്യമായ അറിവില്ലായ്മ തെറ്റിദ്ധാരണയിലേയ്ക്ക് നയിച്ച ഒരു പദ പ്രയോഗമാണിത്. ജന്ററും സെക്സും കൂട്ടി കുഴയ്ക്കപ്പെട്ടതാണ് ഇതിനുള്ള കാരണം. സെക്സ് എന്നാൽ പ്രകൃതി ദത്തവും ജൈവശാസ്ത്ര പരവും മാറ്റുവാൻ കഴിയാത്തതും കാണുവാൻ സാധിക്കുന്നതുമാണ്. എന്നാൽ ജന്റർ എന്നത് മനുഷ്യ നിർമ്മിതവും സാമൂഹികവും രാഷ്ട്രീയപരവും മാറ്റുവാൻ കഴിയുന്നതും കാണാൻ കഴിയാത്തതുമാണ്. ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ ജന്റർ എന്നു പറയുന്നത് സ്ത്രീയിലും പുരുഷനിലും പെൺകുട്ടിയിലും ആൺകുട്ടിയിലും സാമൂഹികപരമായി കെട്ടിപ്പെടുക്കപ്പെട്ട സ്വഭാവ സവിശേഷതകളാണ്. ഈ സ്വഭാവസവിശേഷതകളുടെ തോത് സ്ത്രീയിലും പുരുഷനിലും ഒരു സമൂഹത്തിൽ നിന്ന് മറ്റൊരു സമൂഹത്തിലും കാലഘട്ടങ്ങളിലും വ്യത്യാസപ്പെടുന്നതാണ്. ഇതു തിരിച്ചറിയാത്തതുമൂലം സംഭവിച്ചത് സാമ്പത്തിക, രാഷ്ട്രീയ, സാമൂഹിക മേഖലകളിലെ അസമത്വവും

അതിലൂടെ ഉണ്ടായ പുരുഷമേധാവിത്വവുമാണ്. ഇതിനൊരു പരിഹാരമാണ് ജന്റർ പ്ലാനിങ്ങും ജന്റർ ബഡ്ജറ്റിംങ്ങും. ഇത് മറ്റൊരു ബഡ്ജറ്റല്ല. എങ്കിൽ പിന്നെ ഇതെന്താണ് ? ജന്റർ ബഡ്ജറ്റിനെ സമീപിക്കേണ്ടത് ഓരോ മേഖലയ്ക്കും വിനിയോഗിക്കുന്ന തുകയിൽ കൃത്യം അമ്പത് ശതമാനം സ്ത്രീകൾക്ക് വേണ്ടി മാറ്റിവയ്ക്കണം എന്ന ചിന്താഗതിയിലല്ല. കാരണം സ്ത്രീയുടേയും പുരുഷന്റേയും ആവശ്യങ്ങൾ, പ്രശ്നങ്ങൾ , അവസ്ഥകളുടെ തോത് എന്നിവ വ്യത്യസ്തമാണ്. ഇതിന്റെ വിവിധ ഘട്ടങ്ങളിലും ആത്യന്തിക ഫലത്തിലും ഇരു കൂട്ടർക്കും ലഭിക്കുന്ന ഗുണത്തിന്റെ അനുപാതം നീതിപരമായിരിക്കണം എന്നതാണ് ജന്റർ ബഡ്ജറ്റിംഗ് എന്നു കൊണ്ട് ഉദ്ദേശിക്കുന്നത്.

ഒരു ഉദാഹരണത്തിലൂടെ ഞാനത് വ്യക്തമാക്കാം. ഒരു പഞ്ചായത്ത് ഓഫീസിന് കെട്ടിടം പണിയുകയാണെന്നു കരുതുക. അവിടെ സ്ത്രീയുടെ അന്തസ്സ് നിലനിർത്തുന്നതിനും ഉയർത്തിക്കാട്ടുന്നതിനുമായി സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്ന് ജന്റർ പ്ലാനിംങ്ങിലൂടെ വ്യക്തമാകുന്നു.

1. സ്ത്രീകൾക്ക് പ്രത്യേക ടോയ്ലറ്റ് ഉണ്ടാകണം.
2. ടോയ്ലറ്റിൽ ബാഗ് തൂക്കുവാൻ ഹൂക്ക് ഉണ്ടാകണം
3. മുതിർന്ന സ്ത്രീകൾക്ക് പ്രത്യേക ക്ലോസെറ്റ് സംവിധാനം ഉണ്ടാകണം.
4. ബ്രസ്റ്റ് ഫീഡിംഗ് സംവിധാനം ഉണ്ടാകണം.
5. ഇടുങ്ങിയ ഇടനാഴികൾ ഒഴിവാക്കണം

ചുരുക്കിപ്പറഞ്ഞാൽ വനിതാ ഘടകപദ്ധതിയിൽ മാത്രം നിൽക്കുക എന്നുള്ളതല്ല മറിച്ച് സ്ത്രീകളുടെ ആവശ്യങ്ങൾ പോരായ്മകൾ എന്നിവ സംബന്ധിച്ച് കൂട്ടായ ചർച്ച സ്ഥിതി വിവിര പഠനം, വിശകലനം, രേഖാ പരിശോധന, ജാഗ്രതാ സമിതി പ്രവർത്തനം, എന്നിവയിലൂടെ ജന്റർ പ്ലാനിംഗിനും ജന്റർ ബഡ്ജറ്റിനും ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മറ്റിയുടെ നേതൃത്വത്തിൽ രൂപം നൽകുന്നതിനുള്ള നയരൂപീകരണം ഭരണസമിതിക്കു മുമ്പാകെ സമർപ്പിക്കുന്നു.

തുടർന്ന് ലഭ്യമായ ധന സ്രോതസ്സിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്ത് 2022--23 വർഷത്തിൽ വിഭാവനം ചെയ്യുന്ന പദ്ധതികളും കാഴ്ചപ്പാടുകളും വിശദീകരിക്കാം. 2007 ലെ  നവകേരളം പദ്ധതിയിലുൾപ്പെട്ട ലൈഫ് ഭവന നിർമ്മാണം, ഹരിതകേരള, ആർദ്രം, പൊതു വിദ്യാഭ്യാസപദ്ധതി എന്നീ നാല് മിഷനുകളിലും കൃഷി, മൃഗസംരക്ഷണം, പട്ടികജാതി പട്ടികവർഗ്ഗ പുരോഗതി വയോജന പരിപാലനം എന്നിവയിലൂന്നി നിന്നുകൊണ്ടാണ് 2022--23 ബഡ്ജറ്റിന് രൂപം നൽകിയിട്ടുള്ളത്.

1. നെൽകൃഷിവികസനം, പച്ചക്കറികൃഷിവികസനം, തരിശുനില കൃഷി, തേനീച്ച വളർത്തൽ എന്നിവയ്ക്ക് പ്രാമുഖ്യം നൽകികൊണ്ട് **16,55,000**/തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.
2. മുട്ടക്കോഴി വളർത്തൽ, പ്രത്യേക കന്നുകുട്ടിപരിപാലനം, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്നിവയ്ക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് മൃഗസംരക്ഷണമേഖലയ്ക്കും ക്ഷീരസംരക്ഷണമേഖലയ്ക്കുമായി **19,15,000/** തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.
3. നാളെയുടെ വാഗ്ദാനങ്ങളായ കുട്ടികൾക്ക്  വേണ്ടി അംഗൻവാടി പോഷകാഹാരം സ്കൂൾകുട്ടികൾക്ക് പ്രഭാത ഭക്ഷണം എന്നിവയ്ക്കായി **35,00,000/** തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.
4. മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളിൽ പ്രധാനപ്പെട്ടതായ പാർപ്പിടം എന്ന ലക്ഷ്യത്തെ മുൻനിർത്തി ലൈഫ് ഭവനനിർമ്മാണം, പി.എം.എ.വൈ എന്നിവയ്ക്കായി **5,67,00,000/** തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.
5. കുഞ്ഞുങ്ങളുടെ രണ്ടാനമ്മാരെന്നു വിശേഷിപ്പിക്കാവുന്ന അംഗൻവാടി തൊഴിലാളികൾക്ക് **8,00,000**/ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.
6. പട്ടികജാതി വിഭാഗക്കാരുടെ പരിപോഷണത്തിനായി ഭവനനിർമ്മാണം, കുട്ടികൾക്ക് പഠനോപകരണം, വാട്ടർടാങ്ക് വിതരണം, എന്നിവയ്ക്ക് പ്രാമുഖ്യം നൽകി **10,63,700/** തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

7. പട്ടികവർഗ്ഗവിഭാഗക്കാരുടെ ഉന്നമനത്തിനായി വീട് വൈദ്യുതീകരണം, കുട്ടികൾക്ക് ലാപ് ടോപ്പ് വിതരണം എന്നിവയ്ക്ക് പ്രാമുഖ്യം നൽകി **1,37,500**/ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.
8. കുടിവെള്ളത്തിനുവേണ്ടിയായിരിക്കും മൂന്നാം ലോക മഹായുദ്ധം എന്നത് ഓർമ്മയിലൂണ്ടായിരിക്കട്ടെ. അതുകൊണ്ടു തന്നെ ജലജീവൻമിഷനുവേണ്ടിയും നിലവിലുള്ള ജലനിധി പദ്ധതികളുടെ അറ്റകുറ്റപ്പണി, നിലവാര നിലനിർത്തൽ വെള്ളത്തിന്റെ സ്രോതസ്സ് വർദ്ധിപ്പിക്കൽ എന്നിവയ്ക്ക് വേണ്ടി ജലനിധി സുസ്തിരത പദ്ധതിയിലൂടെയും **7,00,000/** തുക വകയിരുത്തിയിട്ടുണ്ട്.
9. മാല്യന്യമേശാതെ ജീവിക്കുക എന്നുള്ളത് പൌരന്റെ അവകാശവും അത് നടപ്പിൽ വരുത്തുക എന്നുള്ളത് പഞ്ചായത്തിന്റെ അനിവാര്യചുമതലയുമായതിനാൽ മാലിന്യസംസ്കരണപദ്ധതികൾക്കും അനുബന്ധകാര്യങ്ങൾക്കുമായി **19,10,000**/ തുക വകയിരുത്തിയിട്ടുണ്ട്.
10. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ക്രിയാശേഷിയും അടിസ്ഥാനസൌകര്യവും വർദ്ധിപ്പിക്കുന്നതിനു വേണ്ടി ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലെ ഇത്തരം സ്ഥാപനങ്ങൾക്ക് **2,00,000**/ തുക വകയിരുത്തിയിട്ടുണ്ട്.
11. വയോജനങ്ങൾ പരിചയസമ്പത്തിന്റെ വിളനിലമായതിനാൽ ഇവരോടുള്ള ആദരവ് എന്നവണ്ണം വയോജനങ്ങൾക്ക് കട്ടിൽ, പാലിയേറ്റീവ് കെയർ എന്നിവയ്ക്ക് പ്രാമുഖ്യം നൽകി **3,00,000**/ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.
12. ജനസൌഹൃദ ഗ്രാമപഞ്ചായത്ത് പദവി നിലനിർത്തുന്നതിനു വേണ്ടിയുള്ള പുതിയ ISO സർട്ടിഫിക്കേഷനായി **3,00,000/** തുകമാറ്റിവച്ചതിലൂടെ ജനസേവനം മാത്രമാണ് ഈ ഭരണസമിതിയുടെ ഉദ്ദേശ്യമെന്ന് ഞാൻ പ്രഖ്യാപിക്കുകയാണ്.
13. സ്ത്രീകൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട് ജാഗ്രത സമിതിക്കും വിധവകൾക്ക് ആട്ടിൻകുട്ടി വിതരണം എന്ന പദ്ധതിയ്ക്കുമായി **5,70,000**/ തുക വകയിരുത്തിയിട്ടുണ്ട്.

മേൽപ്പറഞ്ഞവ കൂടാതെ ദീർഘവീക്ഷണത്തോടുകൂടി 2022--23 കാലഘട്ടം മുതൽ ആവിഷ്കരിക്കേണ്ട പദ്ധതികൾ വ്യക്തമാക്കട്ടെ

1. പഞ്ചായത്തിന് വിട്ടുകിട്ടിയ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ഇംഗ്ളീഷ് ഭാഷയിൽ പ്രാവീണ്യം ലഭിക്കുന്നതിനുവേണ്ടി ഇംഗ്ളീഷ് ലാംഗ്വേജ് ലാബുകൾ സ്ഥാപിക്കുന്നതിനും ഇവ വിദേശ സർവ്വകലാശാലകളുമായി ബന്ധിപ്പിക്കുന്നതിനും ഓവർ ടു കൂപ്പർസിറ്റി എന്ന പദ്ധതി നടപ്പിലാക്കുന്നതിന് രണ്ട് ലക്ഷം രൂപ വകയിരുത്തുന്നു.
2. കുട്ടികളിലെ കൃഷിചെയ്യുവാനുള്ള ത്വര വർദ്ധിപ്പിക്കുന്നതിനായി അവരുടെ കൃഷിയിടങ്ങൾ പരിശോധിച്ച് ഒരുവാർഡിലെ 10 കുട്ടികൾക്ക് പഠനോ പകരണങ്ങൾ സമ്മാനമായി നൽകി ചിങ്ങം ഒന്നിന് അവരെ ആദരിക്കുന്നതിന് കൃഷീവലൻ--പഠനവീരൻ--അതിശയൻ പദ്ധതിയ്ക്കായി മൂന്ന് ലക്ഷം രൂപ വകയിരുത്തുന്നു.
3. പഞ്ചായത്തിലെ വീട്ടമ്മമാരുടെ വായനശീലം വർദ്ധിപ്പിക്കുന്നതിനായി ലൈബ്രറി പുസ്തകങ്ങൾ വീട്ടിലെത്തിക്കുന്നതിനു വേണ്ടി അകത്തളം അറിവിന്റെ ശ്രീകോവിൽ എന്ന പദ്ധതിക്കായി ഒരു ലക്ഷം രുപ വകയിരുത്തുന്നു.
4. പഞ്ചായത്തിലെ പതിനഞ്ച് വയസ്സിന് താഴെയുള്ള പെൺകുട്ടികൾക്ക് തായ്കൊണ്ട പരിശീലനം നല്കുന്നതിനുവേണ്ടി അബലദൃഡീകരണം പദ്ധതിയ്ക്കായി ഒരു ലക്ഷം രൂപ വകയിരുത്തുന്നു.
5. പഞ്ചായത്തിലെ ദുരന്തനിവാരണടീമിന് ബി ടീം രൂപം കൊടുക്കുന്നതിന് പത്തിനും പതിനഞ്ചിനും ഇടയ്ക്ക് പ്രായമുള്ള കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് കുന്നിക്കുരു ശാക്തീകരണം എന്ന പദ്ധതിയ്ക്ക് ഒരു ലക്ഷം രൂപ വകയിരുത്തുന്നു.
6. പഞ്ചായത്തിലെ വിട്ടുകിട്ടിയ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നവംബർ, ഡിസംബർ മാസങ്ങളിൽ

പ്രചാരണപരിപാടികൾ നടത്തുന്നതിന് സ്വന്തം മഹനീയം എന്ന പദ്ധതിയ്ക്ക് ഒരു ലക്ഷം രൂപ വകയിരുത്തുന്നു.

7. ഗവ.ഹോമിയോ ഡിസ്പെൻസറി ആധുനീകരിക്കുന്നത് മൾട്ടി ഇയർ പ്രോജക്ടായി ഇരുപത് ലക്ഷം രൂപ വകയിരുത്തുന്നു.
8. ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തിന് പ്രോത്സാഹനമായി സ്വന്തമായി വാഹനം വാങ്ങുന്നതിന് അഞ്ച് ലക്ഷം രൂപ വകയിരുത്തുന്നു.
9. ആയുർവേദ ഡിസ്പെൻസറിയുടെ പരിസരത്ത് ആയുർവേദ മരുന്ന് ചെടികളുടെ തോട്ടം നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപ വകയിരുത്തുന്നു.
10. ചൂണ്ടച്ചേരി ആയുർവേദഹോസ്പിറ്റലിന്റെ മുമ്പിലുള്ള വോളിബോൾകോർട്ട് സിമിന്റ് ഇട്ട് ആധുനീകരിക്കുന്നതിന് മൂന്ന് ലക്ഷം വകയിരുത്തുന്നു.
11. അളനാട് നീന്തൽകുളം നവീകരണത്തിനായി മൂന്നു ലക്ഷം രൂപ വകയിരുത്തുന്നു.
12. കുരുന്നുകൾക്കും ഒറ്റപ്പെട്ടുപോയവർക്കും വാർദ്ധക്യത്തിൽ അകപ്പെട്ടവർക്കും കൌൺസിലിംങ് ലഭ്യമാക്കുന്നതിന് മധുരമീ ജീവിതം മധുരമീ സായാഹ്നം പദ്ധതിക്കായി അഞ്ച് ലക്ഷം രൂപ വകയിരുത്തുന്നു. (കെട്ടിടനിർമ്മാണം ഉൾപ്പെടെ)
13. സി.എച്ച്.സിയുടെ സബ്സെന്ററുകൾ നവീകരിക്കുന്നതിനും ഇന്റർനെറ്റ് കണക്ഷൻ ഏർപ്പെടുത്തുന്നതിനും നാല് ലക്ഷം രൂപ വകയിരുത്തുന്നു.

14. പഞ്ചായത്തിൽ ഐ.എൽ.ജി.എം.എസ് നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി എല്ലാ സേവാ ഗ്രാമുകളും ആധുനീകരിക്കുന്നതിനും ഇന്റർനെറ്റ് കണക്ഷൻ ഏർപ്പെടുത്തുന്നതിനും ഇവ എക്സറ്റന്റഡ് ഫ്രണ്ട് ഓഫീസ് ആക്കി മാറ്റുന്നതിനും അഞ്ച് ലക്ഷം രൂപ വകയിരുത്തുന്നു. ഇതിലൂടെ ലക്ഷ്യം വയ്ക്കുന്ന മറ്റൊരു സന്ദേശം കൂടി ഞാൻ നിങ്ങൾക്കു മുമ്പാകെ സമർപ്പിക്കുകയാണ്. സേവാഗ്രാമുകൾ

പ്രവർത്തന സജ്ജമാക്കുന്നതിനുവേണ്ടി പ്രതിഫലേച്ഛ ഇല്ലാത്ത സന്നദ്ധ പ്രവർത്തകരെ നിയമിക്കുന്നത് ഉചിതമാണ്. ഇവിടങ്ങളിൽ എല്ലാ ബുധനാഴ്ചകളിലും പൊതുജനങ്ങളുമായി ജനപ്രതിനിധികൾ മുഖാഭിമുഖം സംവദിക്കുന്ന നാട്ടുസദസ്സുകൾക്ക് രൂപം നൽകാവുന്നതാണ്. ഇതു മൂലം നാമറിയാതെ തന്നെ ഇവിടങ്ങളിൽ പ്രവർത്തിക്കുന്ന സന്നദ്ധപ്രവർത്തകരിൽ യാഥാർത്ഥ്യ ബോധത്തോടെയുള്ള രാഷ്ട്രീയ അഭിനിവേശം ഉണ്ടാകുകയും ഇവരെ നാളെയുടെ സമർത്ഥരായ രാഷ്ട്രീയ നേതാക്കന്മാരാക്കി മാറ്റുകയും ചെയ്യുന്നു.

15. കഴിഞ്ഞ 5 വർഷങ്ങൾ കൊണ്ട് ഭരണങ്ങാനം ഗ്രാമപഞ്ചായത്തുമായി ചേർന്ന അളനാട് ഗവ.യൂ.പി. സ്കൂൾ പാഠ്യ—പാഠ്യേതരവിഷയങ്ങളിൽ കൈവരിച്ച സ്തുത്യർഹ നേട്ടങ്ങൾ സംബന്ധിച്ച സുവനീർ പ്രസിദ്ധീകരിച്ചുകൊണ്ട് ഈ സ്കൂളിനെ മോഡൽ സ്കൂളായി പ്രഖ്യാപിക്കുന്നതിനും ഈ വസ്തുത സർക്കാരിലേയ്ക്ക് അറിയിച്ച് സ്കൂളിന്റെ തുടർന്നുള്ള പുരോഗതിയ്ക്കാവശ്യമായ സാമ്പത്തിക നേട്ടങ്ങൾ നേടിയെടുക്കുന്നതിനുള്ള നയരൂപീകരണം ആരോഗ്യ വിദ്യാഭ്യാസ കമ്മറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നത് ചർച്ചക്കായി നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നു.

16. മറ്റൊരു പ്രധാന നിർദ്ദേശം നിങ്ങളുടെ മുമ്പിൽ വയ്ക്കട്ടെ, പഞ്ചായത്തിലെ അഞ്ചു പ്രധാന റോഡുകൾ റബറൈസ് ചെയ്ത് ഉന്നത നിലവാരത്തിലെത്തിക്കുന്നതിനും ഇവയുടെ വശങ്ങളിലായി കവചിത വാട്ടർ സോക്പിറ്റുകൾ സ്ഥാപിച്ച് ഒഴുകി വരുന്ന വെള്ളം ശേഖരിച്ച് ചുറ്റുപാടുമുള്ള പ്രദേശങ്ങൾ ജല സമൃദ്ധമാക്കുന്നതിനും വേണ്ടി അമ്പത് ലക്ഷം രൂപ വകയിരുത്തുന്നു.

പ്രിയപ്പെട്ടവരെ ഞാൻ നിങ്ങൾക്കുറപ്പു തരുന്നു. കേരള പഞ്ചായത്തീരാജ് ആക്ട് 214 –ാം വകുപ്പ് അനുസരിച്ച് രൂപം നൽകിയ

ഈ വാർഷിക ബഡ്ജറ്റ് മിതവ്യയം, കാര്യക്ഷമത, ഫലപ്രാപ്തി, എന്നീ നെടുംതൂണുകളിൽ അടിസ്ഥാനമിട്ട് ബഡ്ജറി കൺട്രോൾ എന്നത് 2022--23 വർഷത്തിൽ നടപ്പിലാക്കിയിരിക്കുന്നു.

രണ്ട് വരികൾ ഉച്ചത്തിൽ കുറിച്ചിട്ട് ഞാൻ അവസാനിപ്പിക്കുന്നു. "ഒരു മഴപെയ്ത്തിൽ ഓടികൂടിയ ചിലർ മാനം തെളിയുമ്പോൾ, മഴ തോരുമ്പോൾ ഓരോരുത്തരായി ഇറങ്ങി പോകുന്നു." ഇതുപോലെയാകരുത് നാം

മറിച്ച്

കൌരവസദസ്സിൽ നഗ്നയാക്കപ്പെട്ട സ്ത്രീയെ അഴിച്ചെടുക്കാനാവാത്ത ഉത്തരീയം കൊണ്ട് ചുറ്റിയ ഭഗവാന്റേയും ആരും കൂട്ടില്ലാത്ത സീതയെ സ്വയം നെഞ്ച് പിളർന്ന് ഒളിപ്പിച്ച ഭൂമിയുടേയും മനോഭാവമാണ് ഓരോ വാർഷിക ബഡ്ജറ്റുകളുടേയും ആത്മാവ് കണ്ടെത്തുന്നതിനും നടപ്പിൽവരുത്തുന്നതിനും നമുക്കുണ്ടാകേണ്ടത്. സ്വാമി വിവേകാനന്ദൻ പറഞ്ഞതുപോലെ നമുക്ക് ഉണരാം, എഴുന്നേൽക്കാം ശ്രേഷ്ടരായ ആചാര്യന്മാരെ പ്രാപിച്ച് അറിഞ്ഞ് തടസ്സങ്ങളെ തട്ടിനീക്കി ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ ജന നന്മയ്ക്ക് ഉപകാരമായി തീരുവാൻ പരിശ്രമിക്കാം എന്ന് ഉദ്ബോധിപ്പിച്ചു കൊണ്ട് 16,39,59,000/ രൂപ വരവും 18,03,83,900/രൂപ ചെലവും 22,02,936/രൂപ നീക്കിയിരുപ്പുമുള്ള 2022--23 വാർഷിക ബഡ്ജറ്റ് ചർച്ചക്കും വിശകലനത്തിനുമായി നിങ്ങൾക്കുമുമ്പാകെ സമർപ്പിക്കുന്നു.

ജയ്ഹിന്ദ്